കേരള സർക്കാർ

**സംഗ്രഹം**

സഹകരണവകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത 01.07.2013 മുതൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (സി) വകുപ്പ്

സ.ഉ.(സാധാ)നം.66/2014/സഹ. തീയതി, തിരുവനന്തപുരം, 22.01.2014.

---

പരാമർശം:- 1) 19.06.2013 ലെ സ.ഉ.(സാധാ) നം. 396/2013/സഹ നമ്പർ ഉത്തരവ്.

2) 23.12.2013 ലെ സ.ഉ. (പി) നം. 630/2013/ധന നമ്പർ ഉത്തരവ്.

3) സഹകരണ സംഘം രജിസ്ട്രാരുടെ 03.01.2014 ലെ ഇ.എം(4) 58962/2013 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് 01.01.2013 മുതൽ പരിഷ്കരിച്ച സ്കെയിലിൽ 114% ഉം പരിഷ്കരണത്തിന് മുൻപുള്ള സ്കെയിലിൽ 166%ഉം ക്ഷാമബത്ത അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം (2) പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പരിഷ്കരണത്തിന് മുൻപുള്ള സ്കെയിലിൽ 17% ക്ഷാമബത്തയും, പരിഷ്കരിച്ച സ്കെയിലിൽ 10% ക്ഷാമബത്തയും 01.07.2013 മുതൽ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം പരിഷ്കരണത്തിന് മുൻപുള്ള സ്കെയിലിൽ ശമ്പളം വാങ്ങുന്ന സഹകരണ ജീവനക്കാർക്ക് 01.07.2013 മുതൽ 17% അധിക ക്ഷാമബത്തയും, പരിഷ്കരിച്ച സ്കെയിലിൽ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് 01.07.2013 മുതൽ 14% അധിക ക്ഷാമബത്തയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എല്ലാ

സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ 01.07.2013 മുതലുള്ള ക്ഷാമബത്ത ചുവടെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരിഷ്കരിച്ച സ്കെയിലിൽ**

| പ്രാബല്യ തീയതി | 01.01.2013 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2013 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ചിട്ടുള്ള ക്ഷാമബത്ത |
|---|---|---|---|
| 01.07.2013 | 114% | 14% | 128% |

**പരിഷ്കരണത്തിന് മുൻപുള്ള സ്കെയിലിൽ**

| പ്രാബല്യ തീയതി | 01.01.2013 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2013 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ചിട്ടുള്ള ക്ഷാമബത്ത |
|---|---|---|---|
| 01.07.2013 | 166% | 17% | 183% |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി.എം.ഗോപാലമേനോൻ
ഗവൺമെന്റ് സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
(ആമുഖ കത്ത് സഹിതം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ടി)
മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും ജനറൽ മാനേജർമാർക്ക്.
സഹകരണ (എ, ബി, പി.എസ്) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ